എസ്.എസ്.എൽ.സി. പരീക്ഷയിൽ കൂടുതൽ മാർക്ക് വാങ്ങിയ തമിഴ് വിദ്യാർത്ഥികൾ

116 [734] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര തമിഴ് വിദ്യാർത്ഥികളാണ് ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിച്ചത്;

(ബി) സംസ്ഥാനത്ത് തമിഴ് മീഡിയം വിദ്യാർത്ഥികളിൽ എസ്.എസ്.എൽ.സി.-ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികളുടെ പേരും സ്കൂളും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ തമിഴ് മീഡിയം വിദ്യാർത്ഥികളിൽ തമിഴ്ഭാഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥിയുടെ പേരും സ്കൂളും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1726.

(ബി) (1) എം. മല്ലികാർജ്ജുനൻ .. 533 മാർക്ക്
ഭഗവതി ജി.എച്ച്.എസ്.
വണ്ണാമട

(2) രാജി, എൻ. .. 529 മാർക്ക്
ഗവ. തമിഴ് എച്ച്.എസ്.എസ്.
ചാല, തിരുവനന്തപുരം

(3) സി. ബി. സ്വർണ്ണലത .. 527 മാർക്ക്
ഗവ. തമിഴ് എച്ച്.എസ്.എസ്.
ചാല, തിരുവനന്തപുരം

(സി) പ്രവീൺ പാകൃരാജ്, എ. 97 മാർക്ക് സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് എച്ച്.എസ്., പരിസയ്ക്കൽ, പാലക്കാട്.

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

117 [735] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നിയമപ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണ്;

(ബി) ഇത് കുറയ്ക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതുക്കിയ പാഠ്യപദ്ധതി, ഡി.പി.ഇ.പി., സർവ്വശിക്ഷാ അഭിയാൻ എന്നീ പാഠ്യപദ്ധതികൾപ്രകാരം ഗ്രേഡിംഗിനും ഇവാല്യൂവേഷനും പ്രായോഗിക പരിശീലനത്തിനും മറ്റും കൂടുതൽ സമയം ചെലവഴിക്കേണ്ടി വരുന്നതുമൂലവും ഓരോ വിദ്യാർത്ഥിയിലും വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതുകൊണ്ടും അദ്ധ്യാപകരുടെ ജോലിഭാരം വർദ്ധിച്ചിരിക്കുകയാണെന്ന പരാതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) അദ്ധ്യാപകരുടെ ജോലിഭാരം കൂടുന്നത് കണക്കിലെടുത്ത് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1:45.

(ബി) ഉണ്ട്.

(സി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ നിർവാഹമില്ല.

2000-2001 മുതൽ പ്രവർത്തിക്കുന്ന കാലയളവിലെ സ്കൂളുകൾ

118 [736] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, കെ. എ. ചന്ദ്രൻ:
,, എം. പി. ഗംഗാധരൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-2001 മുതൽ ഓരോ വർഷവും ഗവൺമെന്റ് സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ, റെക്കഗ്നൈസ്ഡ് സ്കൂളുകൾ, അംഗീകാരമില്ലാത്തതും കുട്ടികളെ പഠിപ്പിച്ച് മറ്റു സ്കൂളുകളിൽ പരീക്ഷയ്ക്കിരുത്തുന്നതുമായ സ്വകാര്യ സ്കൂളുകൾ എന്നിവയിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ഓരോ വർഷവും മുകളിൽ പറഞ്ഞ ഗണങ്ങളിൽപ്പെടുന്ന എത്ര സ്കൂളുകൾ വീതമുണ്ടായിരുന്നു;

(സി) ഈ കാലയളവിൽ കുട്ടികളുടെ എണ്ണം കുറവായിരുന്നെങ്കിലും സ്കൂളുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ കാലയളവിൽ എത്ര പുതിയ സ്കൂളുകൾ ഉണ്ടായി എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly